# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 214

08-02-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ.ലതിക : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖം പദ്ധതിയുടെ ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരമുള്ള വർക്കുകൾ എല്ലാം പൂർത്തീകരിച്ച്, പൂർണ്ണ തോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതി വെളിപ്പെടുത്താമോ ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഡീറ്റെയിൽഡ് പദ്ധതി റിപ്പോർട്ടും മാസ്റ്റർ പ്ലാനും പ്രകാരം പദ്ധതിയുടെ നിർമ്മാണം നാലു ഘട്ടങ്ങളിലായാണ് പൂർത്തിയാക്കേണ്ടത്. ഒന്നാം ഘട്ടത്തിൽ 800 മീറ്റർ നീളത്തിലുള്ള ബെർത്തും പത്തു ലക്ഷം ടി.ഇ.യു വാർഷിക സ്ഥാപിത ശേഷിയും ഉണ്ടായിരിക്കും. ഒന്നാം ഘട്ടം പൂർത്തിയാകാൻ കരാർ പ്രകാരം കണക്കാക്കിയിട്ടുള്ള സമയം നാലു വർഷമാണ് (2019 ഡിസംബർ 4). കരാർ പ്രകാരം നാലു വർഷത്തെ സമയം ഉണ്ടെന്നിരിക്കെ സംസ്ഥാന സർക്കാരും കരാറുകാരനും ആയിരം ദിന കർമ്മ പരിപാടി, പദ്ധതിയുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് പ്രകാരം 2018 ആഗസ്റ്റ് 31 ന് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ട്, മൂന്ന്, നാല് ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയിലെ കണ്ടെയ്നർ ഗതാഗതം വളരുന്നതനുസരിച്ച് കരാറിലെ വ്യവസ്ഥ 12.8 പ്രകാരം നിർവ്വഹിക്കുന്നതായിരിക്കും. ഇതിന് ഏതാണ്ട് 30 വർഷത്തെ കാലയളവാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയ്ക്ക് ഭൂമി അക്വയർ ചെയ്ത് തുടങ്ങിയത് ഏത് വർഷത്തിലായിരുന്നു ; പദ്ധതികളുടെ | (ബി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ഭൂമി അക്വയർ ചെയ്തു തുടങ്ങിയത് 2010 ആഗസ്റ്റ് മാസമാണ്. പദ്ധതിയുടെ അടിസ്ഥാന സൗകര്യ |

അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നല്കികൊണ്ട്, നിർമ്മാണം ആരംഭിച്ചത് എപ്പോഴായിരുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

പ്രവർത്തനങ്ങളുടെ നിർമ്മാണം ആരംഭിച്ചതും 2010 ആഗസ്റ്റ് മാസമാണ്. കോവളം - പൂവ്വാർ റോഡിനെ പ്രോജക്ടുമായി ബന്ധിപ്പിക്കുന്ന 600 മീറ്റർ 2 വരി റോഡിന്റെ നിർമ്മാണ പ്രവർത്തനം 2010 ആഗസ്റ്റിൽ തുടങ്ങുകയുണ്ടായി. പദ്ധതിക്ക് ആവശ്യമുള്ള ജല ലഭ്യത ഉറപ്പു വരുത്താൻ 3.3 എം.എൽ.ഡി സ്ഥാപിത ശേഷിയുള്ള പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചത് 2012 ഫെബ്രുവരി മാസം ആണ്. പദ്ധതിക്ക് ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രസരണ സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് 2013 മെയ് മാസം ആണ്. തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് 2015 ഡിസംബർ മാസം ആണ്.

(സി) ഇന്നത്തെ നിലയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് എന്ത് തുക ഇനിയും ചെലവഴിക്കേണ്ടതായിട്ടുണ്ട് ;

(സി) ഇന്നത്തെ നിലയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് 3699 കോടി രൂപ സർക്കാരിന്റെ ഭാഗത്തു നിന്നും ചെലവ് പ്രതീക്ഷിക്കുന്നു. ഈ തുകയിൽ ബ്രേക്ക് വാട്ടർ കെട്ടുന്നതിനും, റെയിലിന്റെ ചെലവും, കൺസഷനയർക്ക് നൽകാനുള്ള ഗ്രാന്റും, സാഗർ മാല പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഏകദേശം 500 കോടി രൂപ പ്രതീക്ഷിക്കുന്ന റെയിൽ വികസനവും ഉൾപ്പെടുന്നു.

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി ഇനിയും ഭൂമി അക്വയർ ചെയ്യേണ്ടതായിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ ?

(ഡി) ഉണ്ട്. താഴെ പറയുന്ന പദ്ധതി ഘടകങ്ങൾക്കാണ് ഇനി ഭൂമി അക്വയർ ചെയ്യേണ്ടത്

1. പദ്ധതിക്കായി നിശ്ചയിച്ചിട്ടുള്ള ബാക്ക് - അപ് ഏരിയയിൽ ശേഷിക്കുന്ന ഭൂമി
2. റോഡ് നിർമ്മാണത്തിനു ആവശ്യമായുള്ള ബാക്കി ഭൂമി.
3. വെയർ ഹൗസ് ഏരിയയിൽ ആവശ്യമായുള്ള ബാക്കി ഭൂമി.
4. റെയിൽ നിർമ്മാണത്തിനായുള്ള മൊത്തം ഭൂമി.

സെക്ഷൻ ഓഫീസർ